**<u>15 -ാം കേരള നിയമസഭ</u>**

**<u>2 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5126</u>** **<u>11-08-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കുറ്റ്യാടി മണ്ഡലത്തിൽ എൻജിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അഭാവം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ എൻജിനീയറിംഗ് വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനീയർ , അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഓവർസീയർ എന്നീ ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒഴിവുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്.ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൂന്നാംതരം ഓവർസിയർ എന്നീ തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല. |
| (ബി) | എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ അഭാവം മൂലം വിവിധ പദ്ധതികളിലായുള്ള പ്രവൃത്തികളുടെ നിർവ്വഹണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | നിലവിലുള്ള ജീവനക്കാർക്ക് അധിക ചുമതല നൽകി പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇത് വാർഷിക പദ്ധതി ചെലവിനെയും എം.എൽ.എ.ഫണ്ട്, റീബിൽഡ് കേരള, സി.എം.എൽ.ആർ.ആർ.പി. എന്നീ സ്കീമുകളുടെ പ്രവൃത്തി നടത്തിപ്പിനെയും ബാധിക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നിലവിലുള്ള ജീവനക്കാർക്ക് അധിക ചുമതല നൽകി പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടത്തുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് അറിയിക്കാമോ ;ഡി.പി.സി. ചേർന്ന് പ്രമോഷൻ നടത്തുന്നതിന് നിലവിൽ പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2021 ജൂൺ മാസം വരെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ ഡിപിസി കൂടി നികത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| ക്രമ നം. | ഗ്രാമപഞ്ചായത്ത് | ഒഴിവുകൾ | | |
|---|---|---|---|---|
| | | അസിസ്റ്റന്റ് എഞ്ചിനീയർ | ഒന്നാംതരം ഓവർസിയർ | രണ്ടാംതരം ഓവർസിയർ |
| 1 | ആയഞ്ചേരി | 1 | – | 1 |
| 2 | തിരുവള്ളൂർ | 1 | – | 1 |
| 3 | വേളം | – | 1 | – |
| 4 | കുറ്റ്യാടി | – | – | 1 |